**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2745** **03-08-2021 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിന്‍ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ സ്ഥലത്ത് നെൽകൃഷിയും പച്ചക്കറി കൃഷിയും ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സാധിച്ചിട്ടുണ്ട്. പദ്ധതി ആരംഭിച്ചശേഷം നെല്ല്, പച്ചക്കറി, എന്നിവ അധികമായി കൃഷി ചെയ്യാൻ സാധിച്ചു. 1 തരിശ് നില കൃഷി (എ) നെല്ല് സംസ്ഥാനത്തുള്ള 5000 ഹെക്ടർ തരിശു നിലങ്ങൾ കണ്ടെത്തി കൃഷി ഇറക്കുന്നതിന് ഹെക്ടറിന് 40000 രൂപ ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 9070 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്. (ബി) പച്ചക്കറി കൃഷി ഓരോ പഞ്ചായത്തിലും കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടുപിടിച്ച് 7000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി അധികമായി ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. പ്രത്യേക പ്രോത്സാഹനമെന്ന നിലയിൽ ഹെക്ടറിന് 40000 രൂപ സഹായമായി നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 4527 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്. |
| (ബി) | ഇതുപ്രകാരം എത്ര ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | നെല്ലുൽപ്പാദനത്തിൽ 30339.15 മെട്രിക് ടണ്ണും പച്ചക്കറി ഉൽപ്പാദനത്തിൽ 51391.2 ടണ്ണും ഉൽപ്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ